

തൃക്കാക്കര ഭാരതമാത കോളജിൽ കർദിനാൾ ജോസഫ് പാറേക്കാട്ടിൽ സ്മാരക പ്രഭാഷണം നിർവഹിക്കാനെത്തിയ റബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.എൻ.രാഘവൻ ഭദ്രദീപം തെളിക്കുന്നു. ഷൈനി പാലാട്ടി, ഫാ.ജേക്കബ് ജി.പാലക്കാപ്പിള്ളി, ആർച്ച് ബിഷപ് ഡോ.ആന്റണി കരിയിൽ, ഡോ.തോമസ് പനക്കളം തുടങ്ങിയവർ സമീപം.

# ഇന്ത്യയുടെ സൗഹൃദ സമീപനം ലോകത്തിന് മാതൃക: ഡോ. കെ.എൻ.രാഘവൻ

കാക്കനാട്● ഇതര രാജ്യങ്ങളുമായി നല്ല ബന്ധം സൂക്ഷിക്കുന്നതാണ് ഇന്ത്യയുടെ മഹത്വമെന്ന് റബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.എൻ.രാഘവൻ.

തൃക്കാക്കര ഭാരതമാത കോളജിൽ 'ഇന്ത്യൻ വിദേശ നയം. വെല്ലുവിളികളും സാധ്യതകളും.' എന്ന വിഷയത്തിൽ കർദിനാൾ ജോസഫ് പാറേക്കാട്ടിൽ സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സംഘർഷമല്ല സൗഹൃദമാണ് പുരോഗതിക്കു വേണ്ടതെന്ന സന്ദേശമാണ് മറ്റു രാജ്യങ്ങൾക്ക് നാം നൽകുന്നത്. ലളിത ജീവിതം നയിച്ചു സഭക്കും സമൂഹത്തിനും മാതൃക കാട്ടിയ വ്യക്തിയായിരുന്നു കർദിനാൾ ജോസഫ് പാറേക്കാട്ടിലെന്നും അദ്ദേഹം പറഞ്ഞു.

എറണാകുളം അങ്കമാലി അതിരൂപത മെത്രാപ്പൊലീത്തൻ വികാരി ആർച്ച് ബിഷപ് മാർ ആന്റണി കരിയിൽ അധ്യക്ഷത വഹിച്ചു. കോളജ് മാനേജർ ഫാ.ജേക്കബ് ജി.പാലക്കാപ്പിള്ളി, പ്രിൻസിപ്പൽ ഡോ.ഷൈനി പാലാട്ടി, ഡോ. തോമസ് പനക്കളം എന്നിവർ പ്രസംഗിച്ചു.